# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1098

10.08.2017-ൽ മറുപടിക്ക്

## കാസർഗോഡ് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | കാസർഗോഡ് തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | എ) | നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലും ടാക്സ് സെക്രട്ടേറിയറ്റിലും ഇത് സംബന്ധിച്ച അനുകൂല റിപ്പോർട്ടുകൾ ഉണ്ടായിട്ടും ചെറുവത്തൂർ ഓഫീസിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | ബി) | പുതിയ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം, കെട്ടിടം എന്നിവ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ, ഓഫീസ് തുടങ്ങുന്നതിനാവശ്യമായി വരുന്ന തസ്തികകളുടെ എണ്ണം, അതിനുള്ള സാമ്പത്തിക ബാധ്യത, മറ്റ് ആവർത്തന അനാവർത്തന ചെലവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**